(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; ഇവരിൽ സ്ത്രീകൾ, പുരുഷൻമാർ, വികലാംഗർ എന്നിവർ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	എം.ബി.ബി.എസ്.	:	824
	എഞ്ചിനീയറിംഗ്	:	9,395
	ഹോമിയോ	:	795
	ആയുർവേദം	:	849

(ബി) 31-3-2005 വരെ 3,723,836 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരിൽ 21,40,525 പേർ സ്ത്രീകളും, 1,583,311 പേർ പുരുഷൻമാരും ആണ്.

(സി) 5/2001 മുതൽ 3/2005 വരെ 43,595 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ചിട്ടുണ്ട്. ഇവരിൽ 19,215 പേർ സ്ത്രീകളും 24,380 പേർ പുരുഷൻമാരും 4428 പേർ വികലാംഗരുമാണ്.

"കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്"

51[513] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുമെന്ന് ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൻമേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ ഐ.ടി.ഐ. കൾ സ്വയംഭരണ സ്ഥാപനങ്ങളാക്കാനുള്ള തീരുമാനം

52[514] *ശ്രീ. പി. എസ്. സുപാൽ:*
,, *പി. നാരായണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/573/2012—14

LIBRARY ARCHIVES Kerala Legislative Assembly